സമുദ്രതീരത്ത് പ്രകൃതിക്ഷോഭങ്ങളെ ചെറുക്കാൻ വനവൽക്കരണം

94 (3303) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമുദ്രതീരത്ത് പ്രകൃതിക്ഷോഭങ്ങളെ ചെറുക്കാൻ വനവൽക്കരണം നടത്തുന്നതിന് എത്ര കോടി രൂപയുടെ പദ്ധതി ആണ് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ :

(ബി) ശുദ്ധജലവും സമുദ്രജലവും കൂടി ചേരുന്ന ഭാഗത്തല്ലാതെ വനവൽക്കരണം സാധ്യമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സമുദ്രതീരത്ത് പ്രകൃതിക്ഷോഭങ്ങളെ ചെറുക്കാൻ വനവൽക്കരണം നടത്തുന്നതിനും നിലവിലുള്ള കണ്ടൽ ചെടികളുടെ സംരക്ഷണവും ഉദ്ദേശിച്ച് 55 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് വനം വകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്.

(ബി) ശുദ്ധജലവും സമുദ്രജലവും കൂടിചേരുന്ന ഭാഗമല്ലാതെയും വനവൽക്കരണം സാദ്ധ്യമാണ്. കണ്ടൽ ചെടികൾ പക്ഷേ എല്ലാ മണ്ണിലും വളർത്താൻ സാധിക്കില്ല. അങ്ങനെയുള്ള കടൽത്തീരങ്ങളിൽ പുന്ന, പൂവരശ്, കാറ്റാടി, അക്കേഷ്യ തുടങ്ങിയ വൃക്ഷയിനങ്ങളും വിജയകരമായി വച്ചുപിടിപ്പിക്കാൻ സാധിക്കും.

കോഴിക്കോട് ജില്ലയിൽ സാമൂഹ്യവനവൽക്കരണത്തിന് അനുവദിച്ച തുക

95 (3304) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സാമൂഹ്യവനവൽക്കരണത്തിന് നടപ്പ് സാമ്പത്തിക വർഷം എന്തുതുക അനുവദിച്ചിരുന്നു;

(ബി) ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദമാക്കാമോ;

(സി) ഇതിനായി അനുവദിച്ച ഫണ്ടിൽ നിന്നും എന്തുതുക ഇതുവരെ ചെലവഴിച്ചുവെന്നും ബാക്കി തുക ചെലവഴിക്കാൻ കഴിയാതെ വന്നതിന്റെ കാരണവും വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ പരിഹാര വനവൽക്കരണ പദ്ധതിക്ക് 92 ലക്ഷം രൂപയും ഗ്രീനിംഗ്, സഞ്ജീവനി വനം തുടങ്ങിയ പദ്ധതികൾക്ക് 8.84 ലക്ഷം രൂപയുമടക്കം മൊത്തം 100.84 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly